# إرشـــاد الأئـــمة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا
(Arafa Cultural & Charitable Trust, Nellikuzhi. Ernakulam)
للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

**തീയതി:** 13/07/2018.

**വിഷയം: " ആദർശം കൈ വിടരുത് "**

وَمَنْ يَعْمَلْ مِنَ الصَّالِحَاتِ مِنْ ذَكَرٍ أَوْ أُنْثَىٰ وَهُوَ مُؤْمِنٌ فَأُولَٰئِكَ يَدْخُلُونَ الْجَنَّةَ وَلَا يُظْلَمُونَ نَقِيرًا ﴿النساء: ١٢٤﴾

➢ മക്കൾ രക്ഷപ്പെടാൻ ആവശ്യമായതെല്ലാം അവർക്കുവേണ്ടി ചെയ്തു കൊടുക്കുന്നവരാണ് നാം.

ഭക്ഷണം, വസ്ത്രം, മരുന്ന്... അവർ രക്ഷപ്പെടണമെന്ന് ആഗ്രഹിച്ചുകൊണ്ട് ഉയർന്ന വിദ്യാഭ്യാസം നൽകുന്നു. വിറ്റും കടം വാങ്ങിയും ജോലിയും തൊഴിലും ഉണ്ടാക്കിക്കൊടുക്കുന്നു. ഗൾഫിൽ അയക്കുന്നു. നല്ല വിവാഹം, വീട്, ഏർപ്പെടുത്തി കൊടുക്കുന്നു. അവർ രക്ഷപ്പെടാനാണ് ഈ ത്യാഗമെല്ലാം നാം സഹിക്കുന്നത്.

➢ എന്നാൽ അവരുടെ യഥാർത്ഥ വിജയം പരലോക രക്ഷയാണ്. അവിടെ വിജയിക്കാൻ വേണ്ടതും നാം തന്നെ ഏർപ്പെടുത്തിക്കൊടുക്കണം. നരകാഗ്നിയിൽനിന്ന് രക്ഷപ്പെടലാണ് അവിടുത്തെ വിജയം.

كُلُّ نَفْسٍ ذَائِقَةُ الْمَوْتِ ۗ وَإِنَّمَا تُوَفَّوْنَ أُجُورَكُمْ يَوْمَ الْقِيَامَةِ ۖ فَمَنْ زُحْزِحَ عَنِ النَّارِ وَأُدْخِلَ الْجَنَّةَ فَقَدْ فَازَ ۗ وَمَا الْحَيَاةُ الدُّنْيَا إِلَّا مَتَاعُ الْغُرُورِ ﴿ال عمران: ١٨٥﴾

ഈ ലക്ഷ്യം നേടാൻ ദുൻയാവിന്റെ വിജയം കൈവിടാൻ അല്ലാഹു പറയുന്നില്ല. പഠനം, കച്ചവടം, തൊഴിൽ, വിവാഹം, ഒന്നും ഉപേക്ഷിക്കണ്ട. മറിച്ച് ദുൻയാവിന്റെ ഉയർന്ന നിലവാരത്തിൽ എത്തിപ്പെടുമ്പോൾതന്നെ

പരലോകം വിജയം കൂടി ലക്ഷ്യമാകണം. കാരണം അവിടുത്തെ പരാജയം മഹാദുരന്തമാകും. വീണ്ടെടുക്കാനാവാത്ത

وَقَالَ الَّذِينَ آمَنُوا إِنَّ الْخَاسِرِينَ الَّذِينَ خَسِرُوا أَنفُسَهُمْ وَأَهْلِيهِمْ يَوْمَ الْقِيَامَةِ ۗ أَلَا إِنَّ الظَّالِمِينَ فِي عَذَابٍ مُّقِيمٍ ﴿شوري:٤٥﴾

➢ പരലോക വിജയത്തിന് മൂന്നിന നിർദ്ദേശങ്ങളാണ് ദീൻ പഠിപ്പിക്കുന്നത്. ഈമാൻ, ഇസ്‌ലാം, ഇഹ്സാൻ. ഇതാണ് ദീനിയ്യാത്ത്, അമലിയ്യാത്ത്, അഖ്‌ലാക്ക് എന്നിവ. മദ്റസയുടെ കാതലായ പാഠപദ്ധതി ഇത് മൂന്നുമായത് അതുകൊണ്ടാണ്.

➢ ഇതിൽ തന്നെ അടിത്തറ ദീനിയ്യാത്താണ്. അഥവാ ആദർശ സംഹിത. അത് ശരിയായാൽ മാത്രമെ ആരാധനകളും മറ്റ് സേവനങ്ങൾ, നന്മകൾ ഒക്കെ സ്വീകരിക്കപ്പെടുകയുള്ളൂ.

وَمَنْ يَعْمَلْ مِنَ الصَّالِحَاتِ مِنْ ذَكَرٍ أَوْ أُنْثَىٰ وَهُوَ مُؤْمِنٌ فَأُولَٰئِكَ يَدْخُلُونَ الْجَنَّةَ وَلَا يُظْلَمُونَ نَقِيرًا ﴿النساء:١٢٤﴾

➢ വിശ്വാസം തെറ്റിയാൽ അയാളിൽ നിന്ന് യാതൊന്നും സ്വീകരിക്കപ്പെടുകയില്ല.

عَنْ حُذَيْفَةَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: لَا يَقْبَلُ اللَّهُ لِصَاحِبِ بِدْعَةٍ صَوْمًا، وَلَا صَلَاةً، وَلَا صَدَقَةً، وَلَا حَجًّا، وَلَا عُمْرَةً، وَلَا جِهَادًا، وَلَا صَرْفًا، وَلَا عَدْلًا، يَخْرُجُ مِنَ الْإِسْلَامِ كَمَا تَخْرُجُ الشَّعَرَةُ مِنَ الْعَجِينِ (ابن ماجة)

قال القاضي : الصرف= الفريضَةُ، والعَدْلُ= النافلةُ (شرح مسلم)

ഈഹദീസ് രണ്ട് കാര്യം വ്യക്തമാകുന്നു.
ഒന്ന്: ആദർശ വൈകല്യം മൂലം മനുഷ്യൻ ചെയ്യുന്ന ഒരു വിധത്തിലുള്ള ഇബാദത്തുകളും സ്വീകരിക്കപ്പെടുകയില്ല. രണ്ട്: ബിദ്അത്ത് കാരണമായി ദീനിന്റെ ശരിയായ വഴിയിൽ നിന്ന് അയാൾ വ്യതിചലിച്ച് പോകും.

يَخْرُجُ مِنَ الإِسْلَامِ

ഇത് മഹാദുരന്തമാണ്.

➢ ഗുരുതരമായ ഈ ചതിയിൽ മക്കൾ അകപ്പെടാതെ അവരെ രക്ഷിക്കേണ്ട ബാധ്യത മാതാപിതാക്കൾക്കുണ്ട്.

അങ്ങനെ സംഭവിച്ചാൽ അവരുടെ ഈമാൻ ചോർന്നു പോകാൻ ഇട വരും. ഇരുലോക നഷ്ടത്തിന് കാരണമാകും.

ചരിത്രം: സ്വഹാബിമാരിൽ നിന്ന് അവസാനം വഫാത്തായത് അബൂത്വുഫൈൽ(റ) ആയിരുന്നു. ഹി: 110-ൽ അദ്ദേഹം തന്റെ അനുഭവം വിവരിച്ചിരിക്കുന്നത് ഇങ്ങനെ കാണാം.

عَنْ أَبِي الطُّفَيْلِ أَنَّ رَجُلًا وُلِدَ لَهُ غُلَامٌ عَلَى عَهْدِ رَسُولِ اللَّهِ (ص) فَأَتَى النَّبِيَّ (ص) فَأَخَذَ بِبَشَرَةِ وَجْهِهِ وَدَعَا لَهُ بِالْبَرَكَةِ قَالَ فَنَبَتَتْ شَعَرَةٌ فِي جَبْهَتِهِ كَهَيْئَةِ الْقَوْسِ وَشَبَّ الْغُلَامُ فَلَمَّا كَانَ زَمَنُ الْخَوَارِجِ أَحَبَّهُمْ فَسَقَطَتْ الشَّعَرَةُ عَنْ جَبْهَتِهِ فَأَخَذَهُ أَبُوهُ فَقَيَّدَهُ وَحَبَسَهُ مَخَافَةَ أَنْ يَلْحَقَ بِهِمْ قَالَ فَدَخَلْنَا عَلَيْهِ فَوَعَظْنَاهُ وَقُلْنَا لَهُ فِيمَا نَقُولُ أَلَمْ تَرَ أَنَّ بَرَكَةَ دَعْوَةِ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَدْ وَقَعَتْ عَنْ جَبْهَتِكَ فَمَا زِلْنَا بِهِ حَتَّى رَجَعَ عَنْ رَأْيِهِمْ فَرَدَّ اللَّهُ عَلَيْهِ الشَّعَرَةَ بَعْدُ فِي جَبْهَتِهِ وَتَابَ (مسند: ٢٤٢١٥)

(= നബി(സ്വ)യുടെ കാലത്ത് ഒരു സ്വഹാബിക്ക് കുഞ്ഞ് പിറന്നു. അദ്ദേഹം തന്റെ കുഞ്ഞിനെയുമായി നബി(സ്വ)യുടെ അടുത്ത് വന്നപ്പോൾ തങ്ങൾ ആ കുട്ടിയുടെ നെറ്റിയിൽ കൈവെച്ച് ദുആ ചെയ്യുകയുണ്ടായി. ആ കൈവെച്ച സ്ഥലത്ത് ചന്ദ്രക്കല പോലെ രോമങ്ങൾ മുളച്ചു. പിന്നീട് യുവാവായ കാലത്ത് ആ കുട്ടി ഖവാരിജിയ്യാക്കളുടെ സംഘത്തിൽ ചേർന്നപ്പോൾ ആ മുടി കൊഴിഞ്ഞുപോയി. തന്മൂലം വാപ്പ മകനെ കെട്ടിയിട്ടു. അബൂത്വുഫൈൽ(റ) പറയുന്നു: ഞങ്ങൾ ആ യുവാവിനെ ഉപദേശിച്ചു. മുടി നഷ്ടമായ കാര്യം ബോധ്യപ്പെടുത്തി.

അയാൾ തൗബ ചെയ്ത് ബിദ്അത്തിൽ നിന്ന് പിന്മാറി. അപ്പോൾ ആ രോമം വീണ്ടും പഴയപടി മുളച്ചു വന്നു.)
തെറ്റായ വിശ്വാസത്തിന്റെ അപകടമാണ് ഈ ചരിത്രത്തിലൂടെ ബോധ്യമായത്. ദുൻയാവിൽ മാത്രമല്ല, പരലോകത്തും ഇവരുടെ അവസ്ഥ ദയനീയമാണ്.

**يَوْمَ تَبْيَضُّ وُجُوهٌ وَتَسْوَدُّ وُجُوهٌ ۚ فَأَمَّا الَّذِينَ اسْوَدَّتْ وُجُوهُهُمْ أَكَفَرْتُم بَعْدَ إِيمَانِكُمْ فَذُوقُوا الْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿ال عمران:١٠٦﴾**

**عَنِ ابْنِ عَبَّاسٍ فِي هَذِهِ الْآيَةِ قَالَ : تَبْيَضُّ وُجُوهُ أَهْلِ السُّنَّةِ وَالْجَمَاعَةِ، وَتَسْوَدُّ وُجُوهُ أَهْلِ الْبِدَعِ وَالضَّلَالَةِ (الدر المنثور)**

ഈ ദുർഗതി നമ്മുടെ മക്കൾക്ക് സംഭവിക്കരുത്. അവരെ മദ്റസയുടെ സംസ്കാരത്തിൽ വളർത്തണം. അഥവാ മദ്റസയിലെ പാഠ്യപദ്ധതിയുടെ ആദർശത്തിൽ ഉറപ്പിച്ച് നിർത്തണം.

➢ ശിർക്കിൽ നിന്നുള്ള മോക്ഷം പോലെ പ്രധാനമാണ്. ആദർശവ്യതിയാനത്തിൽ അകപ്പെടാതിരിക്കലും.

**عَنْ حُمَيْدٍ , قَالَ : قَالَ أَبُو الْعَالِيَةِ : " مَا أَدْرِي أَيُّ النِّعْمَتَيْنِ عَلَيَّ أَعْظَمُ : إِذْ أَخْرَجَنِي اللَّهُ مِنَ الشِّرْكِ إِلَى الإِسْلامِ , أَوْ عَصَمَنِي فِي الإِسْلامِ أَنْ يَكُونَ لِي فِيهِ هَوًى (فتح المنان شرح المسند الجامع)**

(= രണ്ട് അനുഗ്രഹങ്ങളിൽ വലുത് ഏതാണെന്ന് എനിക്ക് പറയാൻ കഴിയുന്നില്ല. ശിർക്കിൽനിന്ന് രക്ഷപ്പെട്ടതോ? ബിദ്അത്തിൽ നിന്ന് അല്ലാഹു എന്നെ രക്ഷപ്പെടുത്തിയതോ?) അത്രമേൽ മോശമാണ് ബിദ്അത്ത്.

**∆ ∆ ∆**